(സി) സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കാൻ 6400 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കൃഷി ഓഫീസർമാർക്കും കൃഷി ഭവൻ ഉദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട്. കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംഭരണ വിതരണം ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റബ്ബർ ഉൽപ്പാദനം സംബന്ധിച്ച കണക്ക്

162 (1633) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റബ്ബർ കർഷകരുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) റബ്ബർ ഉൽപ്പാദനം സംബന്ധിച്ച കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) റബ്ബറിന് താങ്ങുവിലയായി ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത് എത്ര രൂപയാണ്; പ്രസ്തുത വിലയിൽ എത്ര ടൺ റബ്ബർ സംഭരിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) സബ്സിഡിയായി ഇതുവരെ എത്ര രൂപ എത്ര കർഷകർക്ക് അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സബ്സിഡിക്കായി എത്ര റബ്ബർ കർഷകർ പി.ആർ.എസ്സ്-കളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 10.5 ലക്ഷം റബ്ബർ കർഷകരാണുള്ളത്. ജില്ല തിരിച്ചുള്ള വിവരം ലഭ്യമല്ല.

(ബി) റബ്ബർ ഉൽപ്പാദനം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	ഉല്പാദനം (ടൺ)
(1)	(2)
തിരുവനന്തപുരം	29200
കൊല്ലം	35000
ആലപ്പുഴ	4200
പത്തനംതിട്ട	50400

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
കോട്ടയം	104900
ഇടുക്കി	37300
എറണാകുളം	57100
തൃശ്ശൂർ	14700
പാലക്കാട്	33700
മലപ്പുറം	36900
കോഴിക്കോട്	21500
കണ്ണൂർ	45500
വയനാട്	7100
കാസർഗോഡ്	30200
ആകെ	507700

(സി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന് കിലോയ്ക്ക് 150 രൂപയാണ് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്. ഇത് റബ്ബർ സംഭരണ പദ്ധതിയല്ല.

(ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2-12-2015 വരെ 39.80 കോടി രൂപ 92592 റബ്ബർ കർഷകർക്കായി സബ്സിഡിയിനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ല	സബ്സിഡി തുക(രൂപ)	റബ്ബർകർഷകരുടെ എണ്ണം
(1)	(2)	(3)
തിരുവനന്തപുരം	18296499	6166
കൊല്ലം	35779409	11851
ആലപ്പുഴ	...	...
പത്തനംതിട്ട	25361057	7664
കോട്ടയം	62264384	13622
ഇടുക്കി	22343064	4410
തൃശ്ശൂർ	13812027	3181
എറണാകുളം	36365437	8664

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
പാലക്കാട്	39670444	7575
മലപ്പുറം	55621529	10184
കോഴിക്കോട്	12819001	3292
കണ്ണൂർ	50571217	11557
വയനാട്	...	...
കാസർഗോഡ്	25183828	4426

(ഇ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ കീഴിൽ 2-12-2015 വരെ 306635 റബ്ബർ കർഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	പേര് രജിസ്റ്റർ ചെയ്തിട്ടുള്ള റബ്ബർ കർഷകരുടെ എണ്ണം.
തിരുവനന്തപുരം	29222
കൊല്ലം	40586
ആലപ്പുഴ	...
പത്തനംതിട്ട	31167
കോട്ടയം	46702
ഇടുക്കി	10563
തൃശ്ശൂർ	9959
എറണാകുളം	27261
പാലക്കാട്	21473
മലപ്പുറം	24247
കോഴിക്കോട്	11558
കണ്ണൂർ	39121
വയനാട്	...
കാസർഗോഡ്	14776

LIBRARY ARCHIVES Kerala Legislative Assembly